പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 239 **28-10-2026-ൽ മറുപടിയ്ക്ക്**

വന്യജീവി ആക്രമണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. വി. സുമേഷ്

പ്രൊഫ. സി. രവീന്ദ്രനാഥ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുണ്ടാകുന്ന മരണങ്ങൾ ക്രമമായി കുറഞ്ഞു വരുന്നതായാണ് കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്. ഇത് സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) വനം-വന്യജീവി സംരക്ഷണ നിയമ ഭേദഗതി ബിൽ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: 08.10.2025-ന് കേരള നിയമസഭ പാസാക്കിയ വന്യജീവി (സംരക്ഷണം) കേരള ഭേദഗതി ബിൽ, 2025, നിലവിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ, 10.08.2026-ന് ബഹു. പാർലമെന്റ് അംഗം അഡ്വ. അടൂർ പ്രകാശ് ലോക് സഭയിൽ ഉന്നയിച്ച നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3561-ന് നൽകിയ മറുപടിയിൽ 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനായി കേരള നിയമസഭ പാസാക്കിയ 2025-ലെ ഭേദഗതി ബിൽ അംഗീകരിക്കാൻ കഴിയില്ലെന്ന കേന്ദ്ര സർക്കാർ പാർലമെന്റിൽ മറുപടി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കർഷകരുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കുന്നതിന് സമ്മർദ്ദം ചെലുത്തുമോ?

മറുപടി: കർഷകരുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു.

സെക്ഷൻ ഓഫീസർ

Starred Question No 239

അനുബന്ധം

വർഷം	സംഘർഷത്തിന് കാരണമായ വന്യമൃഗം / മരണമടഞ്ഞവരുടെ എണ്ണം					
	കാട്ടാന	കാട്ടു പന്നി	കാട്ടു പോത്ത്	കടുവ	മറ്റുള്ളവ	ആകെ
2021-22	35	6	3	0	3	47
2022-23	27	7	1	1	5	41
2023-24	22	11	4	1	4	42
2024-25	19	11	1	1	1	33
2025-26	22	5	0	3	0	30
2026-27*	12	3	2	0	0	17
ആകെ	**137**	**43**	**11**	**6**	**13**	**210**

*15/10/2026 വരെ